**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1412** **30.09.2011 – ൽ മറുപടിയ്ക്ക്**

**മണ്ണു സംരക്ഷണം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) ആർ.ഐ.ഡി.എഫ് പദ്ധതിയിലുൾപ്പെടുത്തി പത്തനംതിട്ട ജില്ലയിൽ ഏതൊക്കെ മണ്ണുസംരക്ഷണ പ്രവൃത്തികളാണ് നടത്തിവരുന്നത് എന്നും പ്രവൃത്തിയുടെ പേരും ചെലവഴിക്കുന്ന തുകയും സഹിതം വ്യക്തമാക്കാമോ; | (എ) ആർ.ഐ.ഡി.എഫ് പദ്ധതിയിലുൾപ്പെടുത്തി പത്തനംതിട്ട ജില്ലയിൽ ആർ.ഐ.ഡി.എഫ്-12 ൽ കുതിരമൺ നീർത്തട പദ്ധതി, ആർ.ഐ.ഡി.എഫ്-14 ൽ അരുവിക്കുഴി, വെട്ടൂർ നീർത്തട പദ്ധതികൾ, ആർ.ഐ.ഡി.എഫ്-15 ൽ കുമ്പളത്താമൺ നീർത്തട പദ്ധതി, ആർ.ഐ.ഡി.എഫ്-16 ൽ അരയാഞ്ഞിലിമൺ നീർത്തട പദ്ധതി എന്നീ പദ്ധതികളാണ് ആർ.ഐ.ഡി.എഫിന്റെ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കിവരുന്നത്. പത്തനംതിട്ട ജില്ലയിൽ ആർ.ഐ.ഡി.എഫിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികളുടെ പേരും അനുവദിച്ച തുകയും സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (ബി) മലയോര മേഖലകൾ കേന്ദ്രീകരിച്ച് പുതിയ പദ്ധതികൾ കൂടുതലായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) മലയോര മേഖലകൾക്ക് കൂടുതൽ പ്രാതിനിധ്യം നല്കികൊണ്ടാണ് മണ്ണു സംരക്ഷണ വകുപ്പ് സംസ്ഥാനത്ത് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

**ആർ.ഐ.ഡി.എഫിൽ ഉൾപ്പെടുത്തി പത്തനംതിട്ട ജില്ലയിൽ നടത്തിവരുന്ന മണ്ണുസംരക്ഷണ പ്രവൃത്തികളെ സംബന്ധിക്കുന്ന പട്ടിക**

| ക്രമ നം. | RIDF ഘട്ടം | വാട്ടർഷെഡ് പദ്ധതിയുടെ പേര് | ബ്ലോക്ക് | പഞ്ചായത്ത് | ലക്ഷ്യം | | പുരോഗതി 31-8-11 വരെ | | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|
| | | | | | ഭൗതികം (ഹെക്ടർ) | സാമ്പത്തികം (ലക്ഷം രൂപ) | ഭൗതികം (ഹെക്ടർ) | സാമ്പത്തികം (ലക്ഷം രൂപ) | |
| 1 | **RIDF - 12** | കുതിരമൺ | പറക്കോട് | ഏനാദിമംഗലം ഏഴംകുളം | 320 | 44.16 | 184 | 24.38 | പദ്ധതി പുരോഗതിയിൽ |
| 2 | **RIDF-14** | അരുവിക്കുഴി | കോയിപ്പുറം | തോട്ടപ്പുഴശ്ശേരി എഴുമറ്റൂർ അയിരൂർ | 380 | 83.5 | 148 | 27.02 | പദ്ധതി പുരോഗതിയിൽ |
| 3 | **RIDF-14** | വെട്ടൂർ | കോന്നി | മലയാലപ്പുഴ | 370 | 65.26 | 195 | 34.46 | പദ്ധതി പുരോഗതിയിൽ |
| 4 | **RIDF-15** | കുമ്പളത്താമൺ | കോന്നി, റാന്നി | മലയാലപ്പുഴ വടശ്ശേരിക്കര | 350 | 59.2 | 98 | 18.16 | പദ്ധതി പുരോഗതിയിൽ |
| 5 | **RIDF-16** | അരയാഞ്ഞിലിമൺ | റാന്നി | റാന്നി പെരിനാട് | 540 | 96.75 | | | പദ്ധതി പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗതിയിൽ |